# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4177 — 16.03.2017 ൽ മറുപടിക്ക്

### റോഡരികിൽ' ഹോട്ടൽ' എന്ന ബോർഡ് പ്രദർശിപ്പിക്കുന്ന ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വേതനവും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) തൊഴിലാളികളുടെ വേതനവും വേതനവ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിക്കുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുമുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ / അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. നാളിതുവരെ 44873 സ്ഥാപനപരിശോധനകൾ നടത്തുകയും 5936 പ്രോസിക്യൂഷൻ, 741 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി |

| | |
|---|---|
| | തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തുന്നത് സർക്കാർ പരിഗണനയിലാണ്. |
| (ബി) റോഡരികിൽ "ഹോട്ടൽ "എന്ന ബോർഡ് ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ജീവനക്കാരന്റെ വേതനം നിശ്ചയിക്കുന്നതിനും തൊഴിൽ സമയം നിജപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും ഇപ്രകാരം ഏതെങ്കിലും ഹോട്ടലിനുവേണ്ടി ജോലി ചെയ്യുന്ന ജീവനക്കാരനെ പ്രസ്തുത സ്ഥാപന പരിശോധനയുടെ സമയത്ത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ടി ജീവനക്കാരനെയും ആ സ്ഥാപനത്തിലെ തൊഴിലാളിയായിട്ടാണ് കണക്കാക്കുന്നത്. ടി ജീവനക്കാർക്ക് മിനിമം വേതന നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്. |
| (സി) ഇരിക്കുവാൻ കസേരപോലും നൽകാതെ പകലന്തിയോളം ജോലിചെയ്യുന്ന ഈ ജീവനക്കാർ അനുഭവിക്കുന്ന യാതനകൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ